"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- കെ എ പി ഒന്നാം ബറ്റാലിയനിലെ എ പി ഐ ശ്രീ. സാംജിത്ത് എസ്-ന് ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1336/2026/HOME തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 20.03.2026 തീയതിയിലെ H14-26507/2026/PHQ നമ്പർ കത്ത്.

**ഉത്തരവ്**

കെ എ പി ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വരുന്ന എ പി ഐ ശ്രീ. സാംജിത്ത് എസ്. (PEN : 318910)-ന് കേരള പോലീസ് അക്കാദമിയിലെ ഡി-1 നമ്പർ ഫാമിലി ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ളതും ആയതിലെ താമസത്തിന്റെ അനുവദനീയമായ കാലാവധി 31.03.2026 തീയതിയിൽ അവസാനിക്കുന്നതുമാണ്. ടിയാന്റെ രണ്ട് മക്കൾ പോലീസ് അക്കാദമിയുടെ സമീപത്തുള്ള സ്കൂളിൽ പഠിക്കുന്നതിനാൽ മക്കളുടെ തുടർ വിദ്യാഭ്യാസത്തിനായി പ്രസ്തുത ഫാമിലി ക്വാർട്ടേഴ്സിൽ 31.03.2027 വരെ, തുടർ താമസം അനുവദിക്കണമെന്ന് ടിയാൻ അപേക്ഷിച്ചതായും കേരളാ പോലീസ് അക്കാദമിയിൽ D ടൈപ്പ് ക്വാർട്ടറുകൾക്കുള്ള അപേക്ഷകൾ നിലവിൽ പെന്റിങ് ഇല്ലാത്തതിനാൽ എ പി ഐ ശ്രീ.സാംജിത്ത് എസ്-ന് ടി യൂണിറ്റിലെ പോലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷകൾ വരുന്ന പക്ഷം ക്വാർട്ടേഴ്സ് ഒഴിയാമെന്ന ഉപാധിയോടെ ടി ക്വാർട്ടേഴ്സിൽ തുടർതാമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം ശിപാർശ സമർപ്പിച്ചു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ്

മേധാവിയുടെ ശിപാർശ പ്രകാരം, കെ എ പി ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്ത് വരുന്ന എ പി ഐ ശ്രീ.സാംജിത്ത് എസ്. (PEN : 318910)-ന് കേരളാ പോലീസ് അക്കാദമി ക്വാർട്ടേഴ്സ് ഡി-1 -ൽ 01-04-2026 മുതൽ 31-03-2027 തീയതി വരെ, മറ്റ് അർഹതപ്പെട്ട അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANJU M**

ഡെപ്യൂട്ടി സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

2.ഡയറക്ടർ, കേരളാ പോലീസ് അക്കാദമി, തൃശ്ശൂർ.

3.ശ്രീ. സാംജിത്ത് എസ്., എ പി ഐ ( ഡയറക്ടർ, കേരളാ പോലീസ് അക്കാദമി മുഖേന )

4. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി ആർ ഡി

5.കരുതൽ ഫയൽ ( D3/59/2026-HOME)

ഉത്തരവിൻ പ്രകാരം

**Signed by Santhosh Mon T**
**Date: 17-04-2026 13:25:40**

സെക്ഷൻ ഓഫീസർ

പകർപ്പ്,

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

2.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്